"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ല - 30.07.2024-ൽ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ ( ഡിആർഎഫ്- എ) വകുപ്പ്

സ.ഉ.(സാധാ) നം.2468/2024/RD തീയതി,തിരുവനന്തപുരം, 14-10-2024

---

പരാമർശം:-

1. സ.ഉ.(സാധാ)589/2024/ഡിഎംഡി തീയതി 9.08.2024
2. സ.ഉ.(സാധാ)597/2024/ഡിഎംഡി തീയതി 13.08.2024
3. സ.ഉ.(കൈ)7/2024/ഡിഎംഡി തീയതി 14.08.2024
4. സ.ഉ.(കൈ)9/2024/ഡിഎംഡി തീയതി 30.08.2024
5. ജില്ലാ കളക്ടറുടെ 5.09.2024 & 3.10.2024 - ലെയും DCKKD/10624/2024-D1 നമ്പർ കത്തുകൾ.

**ഉത്തരവ്**

30.07.2024-ൽ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം 1,2,3, ഉത്തരവുകൾ പ്രകാരം അടിയന്തര ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് ഉത്തരവായിരുന്നു.

1) ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗിയുള്ള/കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300 രൂപ വീതം അധികമായി 30 ദിവസത്തേയ്ക്ക് അനുവദിക്കുന്നു.

2) ക്യാമ്പുകളിൽ കഴിയുന്നവർക്ക് വാടകവീടുകളിലേയ്ക്ക് മാറുന്നതിനായി ഒരു കുടുംബത്തിന് പ്രതിമാസം 6000/- രൂപ അനുവദിക്കുന്നതാണ്.

3) ബന്ധു വീടുകളിലേയ്ക്ക് മാറുന്ന കുടുംബങ്ങൾക്കും വാടക ഇനത്തിൽ പ്രതിമാസം 6000 രൂപ അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

4) ഉരുൾപൊട്ടലിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരമുള്ള ധനസഹായമായ 400000 രൂപയ്ക്കു പുറമെ 200000 രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു .

5) ഉരുൾപൊട്ടലിൽ ഗുരുതരമായി പരിക്കേറ്റവർക്ക് നിലവിൽ SDRF ൽ നിന്നും അനുവദനീയമായ തുകയ്ക്കു പുറമെ 50000 രൂപ വീതം CMDRF ൽ നിന്നും അനുവദിക്കുന്നു .

6) ഉരുൾപൊട്ടലിൽ കണ്ണുകൾ, കൈകാലുകൾ നഷ്ടപ്പെട്ടവർക്ക് നിലവിൽ SDRF ൽ നിന്നും അനുവദനീയമായ തുകയ്ക്ക് പുറമെ 40 % മുതൽ 60% വരെ മേല്പറഞ്ഞ വൈകല്യം ബാധിച്ചവർക്ക് 50,000 രൂപ വീതവും, അറുപതു ശതമാനത്തിൽ അധികം വൈകല്യം ബാധിച്ചവർക്ക് 75,000 രൂപ വീതവും CMDRF ൽ നിന്നും അനുവദിക്കുന്നു.

പരാമർശം 5 പ്രകാരം ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ച്, 30.07.2024-ൽ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഒരാൾക്ക് 2 ലക്ഷം രൂപ അനുവദിച്ചുകൊള്ളുന്നു.
2) അടിയന്തര ധനസഹായമായി 5000 രൂപ വീതം 450 കുടുംബങ്ങൾക്ക് ആകെ 22,50,000/- രൂപ അനുവദിക്കുന്നു.
3) വാടക ഇനത്തിൽ 6000 രൂപ വീതം 30 കുടുംബങ്ങൾക്ക് ആകെ 1,80,000/- രൂപ അനുവദിക്കുന്നു.

മേല്പറഞ്ഞ ഇനത്തിൽ വിതരണത്താനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള TP 80 അക്കൗണ്ട് മുഖാന്തിരം കോഴിക്കോട് ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ദുരന്ത നിവാരണ (എ) വകുപ്പ്
ഡി ആർ എഫ് (ബി, സി) വകുപ്പുകൾക്ക്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Apsara T T
Date: 14-10-2024 12:43:28
സെക്ഷൻ ഓഫീസർ